A | 512

# സമഗ്ര ശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണയം 2022-23
## മലയാളം
## അടിസ്ഥാന പാഠാവലി

ക്ലാസ് : 5 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈസമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള 5 പ്രവർത്തനത്തിൽ 4 എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 വായിക്കാം എഴുതാം**

മുപ്പതുവയസ്സ് പ്രായമാവുമ്പോഴേക്ക് ആയിരം ഗോളടിച്ച് ചരിത്രം സൃഷ്ടിച്ച പെലെ എന്ന ലോകപ്രസിദ്ധ ഫുട്ബോൾ കളിക്കാരനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

തന്നിരിക്കുന്ന ഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമല്ലോ.


മഞ്ഞക്കുപ്പായമണിഞ്ഞ ബ്രസീലിന്റെ കളിക്കാർ ആ വർഷം ലോകകപ്പ് മത്സരത്തിൽ പെലെയുടെ സുശക്തമായ നേതൃത്വത്തിൽ തുടർച്ചയായി ആറു വിജയം സമ്പാദിച്ചു. 1970 ലെ ഫൈനലിൽ ഒന്നിനെതിരെ നാല് ഗോളടിച്ച് ഇറ്റലിയെ പരാജയപ്പെടുത്തി. 1969 ലാണ് പെലെ ആയിരം ഗോളുകൾ പൂർത്തിയാക്കിയത്. ആ സന്ദർഭത്തിൽ ബഹുമാനസൂചകമായി പെട്ടെന്ന് കളി നിർത്തി വയ്ക്കുകയും അറുപത്തയ്യായിരത്തോളം കാണികൾ "പെലെ... പെലെ...." എന്നാർത്തു വിളിച്ചുകൊണ്ട് മദോൻമത്തരായി ഗ്രൗണ്ടിൽ ഇറങ്ങിച്ചെന്ന് അദ്ദേഹത്തെ പൊതിയുകയും ചെയ്തു. ബ്രസീൽ നിവാസികളുടെ കണ്ണിലുണ്ണിയായ വിൽസൺ സിമോണൽ എന്ന ഗായകൻ പ്രത്യേകമായി തയാറാക്കിയ വിജയഗാനം ആലപിച്ച് പെലെയെ അനുമോദിച്ചു. ചരിത്രപ്രധാനമായ വിജയം ആഘോഷിച്ച മറ്റൊരവസരത്തിൽ അമ്പതിനായിരം ആരാധകർ 12,500 ഡോളർ വിലപിടിപ്പുള്ള ഒരു സ്വർണകിരീടം നല്കി അദ്ദേഹത്തെ അനുമോദിച്ചു.

1. ഏതു രാജ്യത്തിന്റെ കളിക്കാരനായിരുന്നു പെലെ?
   (അർജന്റീന, ബ്രസീൽ, ജർമ്മനി)
2. 1970 ലോകകപ്പ് ഫൈനലിൽ ബ്രസീൽ പരാജയപ്പെടുത്തിയ രാജ്യം ഏത്?
   (ജർമ്മനി, അർജന്റീന, ഇറ്റലി)
3. ഏതു സന്ദർഭത്തിലാണ് ഫുട്ബോൾ കളി നിർത്തിവയ്ക്കുകയും കാണികൾ "പെലെ... പെലെ....." എന്ന് ആർത്തുവിളിച്ച് ഗ്രൗണ്ടിലേക്കിറങ്ങുകയും ചെയ്തത്?
   (ബ്രസീൽ ലോകകപ്പ് നേടിയപ്പോൾ, പെലെ ആയിരം ഗോളുകൾ പൂർത്തിയാക്കിയപ്പോൾ, അർജന്റീനയെ പരാജയപ്പെടുത്തിയപ്പോൾ)
4. ബ്രസീൽ നിവാസികളുടെ കണ്ണിലുണ്ണിയായ വിൽസൺ സിമോണൽ എന്ന ഗായകൻ എങ്ങനെയാണ് പെലെയെ അനുമോദിച്ചത്?
   (ഫുട്ബോൾ ഉയർത്തിയടിച്ച്, പ്രത്യേകം തയാറാക്കിയ വിജയഗാനം ആലപിച്ച്, ഗ്രൗണ്ടിൽ നൃത്തം ചെയ്ത്)
5. പെലെയുടെ നേട്ടങ്ങൾ ആരാധകർ ആഘോഷിച്ച രീതിയാണ് താഴെ ചേർത്തിരിക്കുന്നത്. കൂട്ടത്തിൽ ചേരാത്തത് ഏത്?
   (പ്രഗത്ഭനായ ഗായകൻ വിജയഗാനമാലപിച്ചു, സ്വർണം കൊണ്ടുള്ള കിരീടം നൽകി, രാഷ്ട്രത്തലവനായി തിരഞ്ഞെടുത്തു)

**പ്രവർത്തനം 2 (എ) വാങ്മയചിത്രം തയാറാക്കുക**


'വെളുത്തമുടി വാരിക്കൂട്ടി നെറുകയിൽ കെട്ടിയിരിക്കുന്നു. കാതിൽ ഊഞ്ഞാലാടുന്ന തോടകൾ, വാത്സല്യം തുളുമ്പുന്ന കണ്ണുകൾ, സ്നേഹം പ്രകാശിക്കുന്ന മുഖം'.

മുത്തശ്ശിയെ വാക്കുകൾ കൊണ്ട് വരച്ചിരിക്കുന്നത് കണ്ടില്ലേ? താഴെ തന്നിരിക്കുന്ന 'ചാച്ചാജി'യുടെ ചിത്രം നോക്കി വാങ്മയചിത്രം തയാറാക്കുമല്ലോ.



(ബി) "മരണമില്ലാത്ത മനുഷ്യൻ" എന്ന കവിതയിൽ ആരെക്കുറിച്ചാണ് പരാമർശിക്കുന്നത്?
(മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, ബഷീർ, കേളപ്പൻ)

**പ്രവർത്തനം 3 (എ)ജീവചരിത്രക്കുറിപ്പ് തയാറാക്കുക**



രാധിക ടീച്ചറും ആരിഫയും തമ്മിലുള്ള വാട്ട്സ് ആപ് സംഭാഷണമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ശ്രീനാരായണഗുരുവിനെക്കുറിച്ച് ടീച്ചർ പറഞ്ഞതും നിങ്ങൾക്കറിയാവുന്ന വിവരങ്ങളും ചേർത്ത് ജീവചരിത്രക്കുറിപ്പ് തയാറാക്കൂ.

(ബി) "എന്റെ ജീവിതം അരങ്ങിലും അണിയറയിലും" എന്ന കൃതി എഴുതിയതാര്?
(കലാമണ്ഡലം ഗോപി, കലാമണ്ഡലം രാമൻകുട്ടി, കലാമണ്ഡലം കൃഷ്ണൻ നായർ)

**പ്രവർത്തനം 4 അഭിമുഖ ചോദ്യാവലി തയാറാക്കാം**

പത്രവാർത്തകളിലെ ചില വരികൾ ശ്രദ്ധിക്കൂ.

**മെഡൽ അച്ഛന്**
*ഇനി പാരീസ്*

*....വെള്ളി മെഡൽ, അച്ഛനും പരിശീലകനുമായ എസ്. മുരളിക്ക് സമർപ്പിക്കുന്നതായി എം. ശ്രീശങ്കർ പറഞ്ഞു. എന്റെ ഉയർച്ചയിലും താഴ്ചയിലും എല്ലാ പിന്തുണയും നല്കിയ കുടുംബത്തോടും കൂട്ടുകാരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.*

**മെഡൽ നേട്ടം**

*....സ്വർണം പ്രതീക്ഷിച്ചിരുന്നു. പക്ഷേ വെള്ളിയിൽ തൃപ്തനാണ്. പ്രതിസന്ധിഘട്ടത്തിൽ നല്ല പിന്തുണ ലഭിച്ചു.*

**ഭാവി പ്രതീക്ഷ**

*....ഈ മെഡൽ ഒരു തുടക്കമായിട്ടാണ് കാണുന്നത്. ഇനിയും മുന്നോട്ട് പോവാനുണ്ട്. അടുത്ത വർഷം ഏഷ്യൻ ഗെയിംസും ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പുമുണ്ട്.*

കോമൺവെൽത്ത് ഗെയിംസിൽ ലോംഗ്ജംപിൽ 8.08 മീറ്റർ ദൂരം ചാടി വെള്ളി മെഡൽ നേടിയ മലയാളിയായ ശ്രീശങ്കറിനെ അറിയാമല്ലോ.

നിങ്ങളുടെ വിദ്യാലയത്തിലെ കായികമത്സരം ഉദ്ഘാടനം ചെയ്യാനെത്തിയ ശ്രീശങ്കറുമായി അഭിമുഖം നടത്താൻ അവസരം ലഭിച്ചു എന്നു കരുതുക. അദ്ദേഹത്തോട് ചോദിക്കാനുള്ള ചോദ്യങ്ങൾ തയാറാക്കൂ. (പരമാവധി 7 ചോദ്യങ്ങൾ)

## പ്രവർത്തനം 5 (എ) കത്ത് തയാറാക്കുക

ദേശമംഗലം,
14.11.2022.

പ്രിയപ്പെട്ട അഭിഷേകിന്,

സുഖമല്ലേ നിനക്ക്? കഴിഞ്ഞ കത്തിൽ നീ എഴുതിയ യാത്രാവിശേഷങ്ങൾ മനോഹരമായിരുന്നു. എനിക്കും ആ സ്ഥലം കാണാൻ കഴിഞ്ഞതുപോലെ തോന്നി.

കഴിഞ്ഞ ദിവസം നമ്മുടെ വായനശാലയിൽ ചാക്യാർകൂത്ത് അവതരിപ്പിച്ചു. വളരെ രസകരമായിരുന്നു. നീയും കൂടി കാണാനുണ്ടായിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിച്ചു. പുരാണങ്ങളിലെയും ഇതിഹാസങ്ങളിലെയും കഥാസന്ദർഭമാണ് അഭിനയിക്കുന്നത്. വേദിയുടെ ഒരു വശത്ത് വലിയ കലം പോലെ തോന്നിക്കുന്ന ഒരു വാദ്യം വായിക്കും. മിഴാവ് എന്നാണ് പേര്. കഥ അഭിനയിച്ച് ഫലിപ്പിക്കുന്നത് ചാക്യാരാണ്. അരിയും മഞ്ഞളും കരിയും ഉപയോഗിച്ച് ചാക്യാർക്ക് മുഖമെഴുതും. ഒരു കാതിൽ കുണ്ഡലവും മറു കാതിൽ വെറ്റിലയും തിരുകും. ഭംഗിയുള്ള നിറങ്ങളോടുകൂടിയ വസ്ത്രം ഞൊറിഞ്ഞുടുക്കും. അഭിനയത്തിൽ ചാക്യാർ ധാരാളം തമാശകൾ പറയും. മുദ്രകളും തമാശകളും കൊണ്ടുള്ള കഥ പറച്ചിൽ കണ്ടിരിക്കാൻ തന്നെ നല്ല രസമാണ്. നിനക്ക് അവസരം കിട്ടിയാൽ ചാക്യാർകൂത്ത് കാണണം.

മറ്റ് വിശേഷങ്ങൾ അടുത്ത കത്തിൽ പറയാം.

സ്നേഹത്തോടെ,
അമൽ എസ്.

ചാക്യാർകൂത്ത് കണ്ട അമലിന്റെ അനുഭവം കൂട്ടുകാരന് കത്തിലൂടെ പങ്കുവെച്ചത് നിങ്ങൾ വായിച്ചല്ലോ. പ്രാദേശിക ഉത്സവങ്ങൾ, സ്കൂൾ കലോത്സവങ്ങൾ എന്നിവയിലൂടെ നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും കലാരൂപത്തെക്കുറിച്ച് നിങ്ങളുടെ സുഹൃത്തിന് കത്തെഴുതി നോക്കൂ.

**(ബി)** "എനിക്ക് അങ്ങയുടെ പടച്ചട്ടയും കുണ്ഡലങ്ങളും വേണം" കർണനോട് ഇങ്ങനെ ആവശ്യപ്പെട്ടത് ആര്?

(ഇന്ദ്രൻ, വരുണൻ, സൂര്യൻ)

## പ്രവർത്തനം 6 (എ) കഥ പൂർത്തിയാക്കാം

"പ്രകാശം പരത്തുന്നവർ" എന്ന യൂണിറ്റിന്റെ ആദ്യഭാഗത്ത് കർണന്റെ ദാനശീലത്തെക്കുറിച്ച് പരിചയപ്പെട്ടല്ലോ. താഴെ തന്നിരിക്കുന്ന കഥാഭാഗം വായിക്കൂ.

> *"എങ്ങുമില്ല ഒരു തുള്ളി വെള്ളം. ദാഹം കൊണ്ട് തൊണ്ട വരളുന്നു."*
> *കരഞ്ഞുകൊണ്ട് കുഞ്ഞിക്കിളി പറഞ്ഞു. "അമ്മേ ഞാനിപ്പോൾ ചത്തു പോകുമെന്ന് തോന്നുന്നു." "കുഞ്ഞേ, അങ്ങ് ദൂരെ, ഒരിടമുണ്ട്. അവിടെ ഒരുപാട് നല്ല മനുഷ്യരുണ്ട്."*
> *അമ്മ കുഞ്ഞിക്കിളിക്ക് വഴി പറഞ്ഞു കൊടുത്തു.*
> *കുഞ്ഞിക്കിളി അവിടേക്ക് പറന്നു.*
> *കുന്നുകളും മലകളും താണ്ടി, വരണ്ട വയലുകളും വറ്റിയ പുഴകളും കടന്ന്.*
> *കുഞ്ഞിക്കിളി ദൂരെ ആ കാഴ്ച കണ്ടു.*
>
> വേനൽപ്പച്ച

എന്തു കാഴ്ചയായിരിക്കാം കുഞ്ഞിക്കിളി കണ്ടിട്ടുണ്ടാവുക? എന്തൊക്കെയാണ് പിന്നീട് സംഭവിച്ചത്? കഥ പൂർത്തിയാക്കുമല്ലോ. യോജിച്ച തലക്കെട്ട് കൊടുക്കാൻ മറക്കരുത്.

**(ബി)** വചനം എന്ന പദത്തിന് പകരം പദം എഴുതുക.

(കേൾവി, വാക്ക്, ധനം)